പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1496 06.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നുള്ള ബസ് ഷെഡ്യൂളുകൾ


ചോദ്യം

ശ്രീ. കെ. ആൻസലൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | 2016 ജൂൺ 1 മുതൽ 2018 ജനുവരി 31 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി. നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നുള്ള എത്ര ബസ് ഷെഡ്യൂളുകൾ നിർത്തലാക്കി; അവ എതൊക്കെ ആണെന്നും ഏതു റൂട്ടിൽ ആണെന്നും വ്യക്തമാക്കാമോ; അവയുടെ നമ്പരും പേരും വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി സ്ഥിരമായി ഒരു ഷെഡ്യൂളുകളും റദ്ദ് ചെയ്തിട്ടില്ല. എന്നാൽ നടത്തിപ്പ് ചെലവ് പോലും ലഭ്യമാക്കുവാൻ കഴിയാത്ത തരത്തിലുള്ള സർവ്വീസുകൾ പുനഃക്രമീകരിച്ച് സർവ്വീസ് നടത്തി വരുന്നു. നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും 17 ഷെഡ്യൂളുകളാണ് ഇപ്രകാരം പുനഃക്രമീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഡിപ്പോയിൽ നിന്നും 2016 ജൂൺ 1 മുതൽ 2018 ജനുവരി വരെ ഓരോ മാസവും എത്ര ഷെഡ്യൂൾ ഉണ്ടായിരുന്നു; അവയിൽ നിർത്തലാക്കിയ ഷെഡ്യൂളുകളുടെ വിശദവിവരം നൽകാൻ കഴിയുമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | 2016 ജൂൺ 01 മുതൽ 2016 ഡിസംബർ വരെ ജൻറം ഉൾപ്പെടെ 99 ഷെഡ്യൂളുകളും, 2017 ജനുവരി 01 മുതൽ 2018 ജനുവരി വരെ 109 ഷെഡ്യൂളുകളും പ്രതിദിനം നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി സ്ഥിരമായി ഷെഡ്യൂളുകൾ ഒന്നും തന്നെ റദ്ദ് ചെയ്തിട്ടില്ല. വരുമാന കുറവ് മൂലം പുനഃക്രമീകരിച്ച ഷെഡ്യൂളുകളുടെ വിവരങ്ങൾ (എ) പിരിവിന് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2016 ജനുവരി മുതൽ 2016 മേയ് വരെ പ്രസ്തുത ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ; | (സി) | 2016 ജനുവരി മുതൽ 2016 മേയ് വരെ പ്രസ്തുത ഡിപ്പോയിൽ നിന്നും 105 ഷെഡ്യൂളുകൾ പ്രതിദിനം ഉണ്ടായിരുന്നു. |
| (ഡി) | 2018 ഫെബ്രുവരിയിൽ പ്രസ്തുത ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂൾ ഉണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ? | (ഡി) | 2018 ഫെബ്രുവരിയിൽ ടി ഡിപ്പോയിൽ നിന്നും ജൻറം ഉൾപ്പെടെ പ്രതിദിനം 105 ഷെഡ്യൂളുകൾ ഉണ്ടായിരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1496 (എ) പിരിവിന്റെ അനുബന്ധം.

1. ഡ്യൂട്ടി നമ്പർ 14 നെയ്യാറ്റിൻകര – കൊല്ലം – എറണാകുളം
2. ഡ്യൂട്ടി നമ്പർ 15 നെയ്യാറ്റിൻകര – കൊല്ലം – എറണാകുളം
3. ഡ്യൂട്ടി നമ്പർ 17 നെയ്യാറ്റിൻകര – ഇരുവൈക്കോണം – കാഞ്ഞിരംകുളം
4. ഡ്യൂട്ടി നമ്പർ 21 നെയ്യാറ്റിൻകര – രാമേശ്വരം – കോട്ടക്കൽ - കോട്ടകോണം
5. ഡ്യൂട്ടി നമ്പർ 25 നെയ്യാറ്റിൻകര – ഓലത്താന്നി – കമുകിൻേകാട് -തിരുവനന്തപുരം
6. ഡ്യൂട്ടി നമ്പർ 28 നെയ്യാറ്റിൻകര – ഓലത്താന്നി – പട്ടം – മെഡിക്കൽകോളേജ്
7. ഡ്യൂട്ടി നമ്പർ 43 നെയ്യാറ്റിൻകര – അരുമാനൂർ ക്ഷേത്രം
8. ഡ്യൂട്ടി നമ്പർ 51നെയ്യാറ്റിൻകര – ഓലത്താന്നി – പൊറ്റയിൽ മുടിപ്പുര
9. ഡ്യൂട്ടി നമ്പർ 63 നെയ്യാറ്റിൻകര – അറക്കുന്ന് – മാരായമുട്ടം – കാക്കണം – ആലത്തൂർ - പെരുങ്കടവിള
10. ഡ്യൂട്ടി നമ്പർ 100 നെയ്യാറ്റിൻകര – ഇരുവൈക്കോണം – കാഞ്ഞിരംകുളം
11. ഡ്യൂട്ടി നമ്പർ 38 നെയ്യാറ്റിൻകര – മാമ്പഴക്കര – പ്ലാംപഴിഞ്ഞി - പേരേക്കോണം
12. ഡ്യൂട്ടി നമ്പർ 58 നെയ്യാറ്റിൻകര – അരുവിപ്പുറം – അയിരൂർ - പെരുങ്കടവിള
13. ഡ്യൂട്ടി നമ്പർ 66 നെയ്യാറ്റിൻകര – മായം
14. ഡ്യൂട്ടി നമ്പർ 80 നെയ്യാറ്റിൻകര – കമിളി – കാഞ്ഞിരംകുളം
15. ഡ്യൂട്ടി നമ്പർ 97 നെയ്യാറ്റിൻകര – അറക്കുന്ന് – വാഴാലി – പെരുങ്കടവിള
16. ഡ്യൂട്ടി നമ്പർ 104 നെയ്യാറ്റിൻകര – പഴയകട – പോങ്ങിൽ - വെൺപകൽ - തിരുവനന്തപുരം
17. ഡ്യൂട്ടി നമ്പർ 108 നെയ്യാറ്റിൻകര – പ്രായുമൂട് – പ്ലാവിലമൂല - കളിയിക്കാവിള

സെക്ഷൻ ഓഫീസർ